"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം- എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) - യോഗ്യത - ഭേദഗതി ചെയ്ത ഉത്തരവ് - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

**G.O.(Ms)No.19/2023/GEDN** തീയതി,തിരുവനന്തപുരം, **24-02-2023**

---

പരാമർശം:-
1. **19.03.2002** ലെ സ.ഉ(സാധാ)നം.**534/02**/പൊ.വി.വ
2. **22.05.2018** ലെ സ.ഉ(കൈ) നം.**67/2018**/പൊ.വി.വ ഉത്തരവ്
3. **13.02.2022** ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **DGE/475/2022-H3** നമ്പർ കത്ത്.
4. **08.07.2022** ലെ എസ്.സി.ഇ.ആർ. ടി ഡയറക്ടറുടെ പ്രോഗ്രാം**1/3153/2022**/എസ്.സി.ഇ.ആർ. ടി നമ്പർ കത്ത്.

**ഉത്തരവ്**

എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സിയ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പ്രാദേശികഭാഷയായ മലയാളം പഠിച്ചിട്ടില്ലാത്തവർക്ക് അർഹതയില്ലായെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ് തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ പരാമർശം (1) ലെ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്ന് ഉത്തരവായിരുന്നു.

തുടർന്ന് ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിൽ പ്രസ്തുത ഉത്തരവ്, മലയാളഭാഷാ പഠനം പൊതു വിദ്യാഭ്യാസ

മേഖലയിൽ സർക്കാർ നിർബന്ധമാക്കിയിട്ടും മലയാള ഭാഷാ അധ്യാപനത്തിന് നിലവാര തകർച്ച ഉണ്ടാക്കുന്നതിന് കാരണമാകുമെന്ന് സമിതി സംശയിക്കുന്നതിനാൽ ഉത്തരവ് പുനഃപരിശോധിച്ചു അടിയന്തിരമായി പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചു സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദേശിച്ചിരുന്നു.

മാത്രമല്ല, മലയാളം അടിസ്ഥാനപരമായി പഠിച്ചവരെ മാത്രം പ്രൈമറി തലത്തിൽ നിയമിക്കണമെന്ന ആവശ്യം പരിഗണനാർഹമാണെന്നും നിലവിൽ പരാമർശം (2) ഉത്തരവിന്റെ ആനുകൂല്യത്തിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് അവരുടെ മലയാള പ്രാവീണ്യം വ്യക്തമാക്കുന്ന തരത്തിൽ ഒരു യോഗ്യതാ പരീക്ഷ നടത്താൻ നിർദ്ദേശിക്കാവുന്നതാണെന്നും യോഗ്യത പരീക്ഷാ നടത്തിപ്പിന് പി.എസ്.സിയെയോ, പരീക്ഷാഭവനെയോ ഏൽപ്പിക്കാവുന്നതാണെന്നും യോഗ്യതാ പരീക്ഷയ്ക്ക് ഒരു നിശ്ചിത മാർക്ക് കരസ്ഥമാക്കാൻ സാധിക്കാത്തവർക്ക് നിർബന്ധമായും ഒരു സമയപരിധിക്കുള്ളിൽ യോഗ്യതാ പരീക്ഷ പാസാകാൻ നിർദ്ദേശം നൽകാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പുതിയ അദ്ധ്യാപക നിയമനത്തിനായി മലയാളം അടിസ്ഥാന യോഗ്യത വ്യക്തമാക്കുന്ന തരത്തിൽ ഒരു കോഴ്സ്, പി.എസ്.സി തലത്തിലോ, പരീക്ഷാഭവൻ തലത്തിലോ നടത്തി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രം പരിഗണിച്ചാൽ മതിയാകും എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാളം ഒരു വിഷയമായി സെക്കന്ററി തലം വരെയെങ്കിലും പഠനം നടത്തിയിട്ടുള്ളവരെ മാത്രം എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി ആയി നിയമിക്കുന്നതാകും ഉചിതം എന്ന് എസ്.സി.ഇ.ആർ.ടി ഡയറക്ടറും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെയും എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശികഭാഷയായ മലയാളം, എസ്.എസ്.എൽ.സിയ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി,യു.പി അധ്യാപകരായി നിയമിക്കുന്നതാകും ഉചിതമെന്നു കാണുന്നതിനാൽ പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിലവിൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് അവരുടെ മലയാളഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യതാ പരീക്ഷ നടത്തുന്നതു സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MEENAMBIKA M I**

JOINT SECRETARY

To :

1.സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
2.പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3.എസ്.സി.ഇ.ആർ.ടി ഡയറക്ടർ, തിരുവനന്തപുരം
4.രജിസ്ട്രാർ, എം.ജി/ കേരള/ കാലിക്കറ്റ്/ കണ്ണൂർ സർവ്വകലാശാലകൾ
5.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6.ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.
7.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ),കേരള തിരുവനന്തപുരം
8.പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.
9.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്ഃ
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്